Since 1951

# Jubilet

Vol. 6, Issue : 3

JUNE 2020

JUBILEE MISSION MEDICAL COLLEGE & RESEARCH INSTITUTE

## Editorial

### തിരുഹൃദയമർമ്മരങ്ങൾ

സ്നേഹമുള്ളവരെ,

ഈ കൊറോണ കാലത്ത് ഒരു തിരുഹൃദയമാസം കൂടി വന്നണയുകയാണ്. ആശങ്കകളുടെയും ഉത്കണ്ഠകളുടെയും നടുവിൽ ഹൃദയശാന്തതയുടെ പ്രതീകമായ ഈശോയുടെ തിരുഹൃദയം!!!

തിരക്കേറിയ ജീവിതത്തിന്റെ പാച്ചിലുകളിൽ നിന്നും അവധിയെടുത്ത് വീട്ടിലിരുന്നു എല്ലാവരും. ധൈഷണികതയുടെ ആരവങ്ങളെക്കാൾ ബന്ധങ്ങളുടെ ഇഴയടുപ്പത്തിലലിഞ്ഞ നിശബ്ദതയാണ് ഇപ്പോൾ വാചാലമാകുന്നത്. സാമീപ്യങ്ങളുടെ സങ്കലനങ്ങളാണ് പുരാതന സമവാക്യശ്രേണികളെ തിരുത്തിയെഴുതപ്പെടുന്നത്.

ബുദ്ധിയുടെ മുൻപിൽ തുറന്നുവെയ്ക്കപ്പെട്ട ലക്ഷ്യങ്ങളെക്കാൾ ഹൃദയപൂർവ്വം അടുത്തറിയാവുന്ന നിമിഷങ്ങളിലെ പാരസ്പര്യമാണ് തികച്ചും അഭിലക്ഷണീയം എന്ന് നാം കുറച്ചെങ്കിലും തിരിച്ചറിഞ്ഞ ചെറിയ കാലഘട്ടമാണ് ഇത്.


തിരുഹൃദയം ഈയൊരു അടുപ്പത്തിന്റെ കഥ തന്നെയാണ് നമ്മോട് പറഞ്ഞുകൊണ്ടിരുന്നത്. ശാന്തതയുടെയും ധ്യാനത്തിന്റെയും നീലാകാശമാണ് നനുത്ത മർമ്മരങ്ങളായി നമ്മിലേക്ക് പകർന്നുതരാൻ തിരുഹൃദയം വെമ്പൽ കൊള്ളുന്നത്.

ഒരുപക്ഷേ കേൾക്കാതെപോയവരെ കേൾക്കാൻ... പറയാതെ കടന്നുപോയ വാക്കുകൾ പറയാൻ... തിരുഹൃദയം ആഹ്വാനം ചെയ്തുകൊണ്ടിരിക്കുന്നു. ഇഴ വിട്ടുപോയ ബന്ധങ്ങളെ സാത്വിക സ്നേഹത്തിന്റെ അഗ്നിശുദ്ധി വരുത്തി വീണ്ടും ഒരു പുനർജനിക്ക് ഒരുക്കുകയാണ് ഈ തിരുഹൃദയമാസം...

എന്തിനെയും ഏതിനെയും മനുഷ്യനെത്തന്നെയും അധിനിവേശത്തിന്റെ അളവുകളിലേക്ക് ഒതുക്കാനുള്ള ത്വര വെടിഞ്ഞ് ഉൾകൊള്ളലിന്റെയും സഹവാസത്തിന്റെയും ഭൂമികകളിലേക്ക് തിരുഹൃദയവാതിൽപടിയിൽ ശുദ്ധിവരുത്തി നമുക്ക് പ്രവേശിക്കാം.

അങ്ങനെ പാരസ്പര്യത്തിന്റെയും സഹവർത്തിത്വത്തിന്റെയും പുതുനാമ്പുകൾ എന്റെയും നിങ്ങളുടേയും ജീവിതങ്ങളിൽ വിരിയട്ടെ... തിരുഹൃദയശാന്തതയുടെ സംരക്ഷണം പ്രത്യാശയിലേക്ക് നമ്മെ ആനയിക്കട്ടെ...

ഫാ. സിജോ ചെറുവത്തൂർ
എഡിറ്റർ



### ഞങ്ങളുടെ പ്രിയപ്പെട്ട ഏഡൻവാല ഡോക്ടർക്ക് ആദരാഞ്ജലികൾ

### ഹൈലൈറ്റ്സ്

- കോവിഡ് കാലഘട്ടം - മുൻകരുതലുകൾ
- അതിഥി തൊഴിലാളികൾക്ക് ജൂബിലിയുടെ മെഡിക്കൽ ക്യാമ്പുകൾ
- വിജയനേട്ടങ്ങളുമായി ജൂബിലി കുടുംബാംഗങ്ങൾ
- അനേകായിരങ്ങളുടെ പുഞ്ചിരിയ്ക്ക് പൂർണ്ണത നൽകിയ വൈദ്യശ്രേഷ്ഠന് വിട
- ജൂബിലിയിൽ വൈസർ ഫേസ് മാസ്ക് വിതരണം ചെയ്തു.

# അഭിനന്ദനങ്ങൾ....



ബംഗലൂരു നിംഹാൻസിൽ വച്ച് നടന്ന MDS ഏഷ്യാ - ഓഷ്യാന റെയർ മൂവ്മെന്റ് ടിസോർഡർ കോൺഫെറൻസിൽ നടത്തിയ വീഡിയോ ക്വിസ് മത്സരത്തിൽ ഡോ. സാബു ജോർജ്ജ് (ഡി എം ന്യൂറോളജി റസിഡന്റ്) മൂന്നാം സ്ഥാനം നേടി.



ഡോ. റോണി തോമസ് (അസ്സി. പ്രൊഫസർ, കമ്മ്യൂണിറ്റി മെഡിസിൻ) നടത്തിയ "ഇഫ്ഫെക്ട്സ് ഓഫ് പെർക്ലോറേറ്റ് ഓൺ തൈറോയ്ഡ് ഫങ്ഷൻ" എന്ന പഠനം ജേർണൽ ഓഫ് തൈറോയ്ഡ് റിസേർച്ചിൽ പ്രസിദ്ധീകരിച്ചു.

ISRO നിക്ഷേപം നടത്തിയ ഈ പദ്ധതി ഏറ്റെടുത്തത് എറണാകുളം ജില്ലാ ഭരണം & കളക്ടർ ശ്രീ. M. G. രാജമാണിക്യം, രാജഗിരി ആശുപത്രി സൂപ്രണ്ട് ഡോ. സണ്ണി പി. ഓരത്തേൽ, CUSAT എന്നിവരാണ്.



കേരളത്തിലെ കോവിഡ് ആശുപത്രികളിൽ ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുന്നതിനും, സാങ്കേതികസഹായവും, സഹകരണവും നൽകുന്നതിനും വേണ്ടി ജൂബിലി മിഷൻ ആശുപത്രിയിലെ സീനിയർ ക്വാളിറ്റി ഓഡിറ്ററായ ഡോ. നിമിഷ സോളമൻ തെരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാന സർക്കാരിനെ സഹായിക്കുവാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാക്കിയ ഈ പദ്ധതിയിൽ തൃശ്ശൂരിൽനിന്നും നോൺ ഗവൺമെന്റ് വിഭാഗത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഏക NQAS അസസ്സർ ആണ് ഡോ. നിമിഷ.

## ജൂബിലി കുടുംബത്തിലേയ്ക്ക്

### സ്വാഗതം





**ഡോ. ശ്രീജിത്ത്**
കൺസൾട്ടന്റ്,
എൻഡോക്രൈനോളജി

**ഡോ. മോൻസി എഡ്വേർഡ്**
പ്രൊഫസർ,
ക്ലിനിക്കൽ സൈക്കോളജി വിഭാഗം

## വായനയുടെ മഹത്വം

### മഹാന്മാരുടെ വരികളിൽ

ദിവസവും വായനയ്ക്കായി ഒരു മണിക്കൂർ മാററിവയ്ക്കൂ. അത് നിങ്ങളെ അറിവിന്റെ കേന്ദ്രമാക്കി ഏതാനും നാളുകൾക്കുള്ളിൽ തന്നെ പരിണമിപ്പിക്കും
**– APJ അബ്ദുൽ കലാം**

ചിന്തിക്കാൻ സഹായിക്കുന്ന ഒരു ഉപകരണമാകുന്നു വായന **–എഡ്വേഡ് ഗിബ്ബൺ**

വായനപോലെ ചെലവു ചുരുങ്ങിയ മറെറാരു വിനോദമില്ല. അതിൽ നിന്നുണ്ടാകുന്ന ആനന്ദം പോലെ നീണ്ടുനിൽക്കുന്ന മറെറാരു ആനന്ദമില്ല **–മേരി വോർട്ട്‌ലി മൊണ്ടാഗു**

വായിച്ചാൽ വളരും വായിച്ചില്ലെങ്കിലും വളരും, വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും
**–കുഞ്ഞുണ്ണിമാഷ്**

പുസ്തകങ്ങൾ ഇല്ലാത്ത മുറി ആത്മാവില്ലാത്ത ശരീരം പോലെയാണ് **–മാർക്കസ് ടുള്ളിയസ് സിസറോ**

ഒരു മികച്ച പുസ്തകം നൂറു നൂറു നല്ല സുഹൃത്തുക്കൾക്ക് തുല്യമാണ്. ഒരു നല്ല സുഹൃത്ത് ഒരു ലൈബ്രറിക്ക് തുല്യമാണ് **–APJ അബ്ദുൽ കലാം**

## ആശ്രയയുടെ കൈത്താങ്ങ്

കിണർ വൃത്തിയാക്കുന്നതിനിടയിൽ കിണറ്റിൽ വീണ 15 വയസ്സുകാരൻ എഡ്വിൻ ജോസഫിന്റെ കുടുംബത്തിന് പണം പിരിച്ചു നൽകി ജൂബിലി മിഷൻ ആശുപത്രിയിലെ എം.ബി.ബി.എസ്. വിദ്യാർത്ഥികളുടെ സംഘടനയായ 'ആശ്രയ' മാതൃകയായി. അതിഗുരുതരമായ പരിക്കുകളോടെ അഡ്മിറ്റായ എഡ്വിൻ അതിതീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലിരിക്കെ മരണപ്പെട്ടിരുന്നു. ജൂബിലി മിഷൻ ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്ന മെഡിക്കൽ വിദ്യാർത്ഥികളുടെ സംഘടനയായ ആശ്രയ ചാരിറ്റബിൾ സൊസൈറ്റി വർഷങ്ങളായി പാവപ്പെട്ട രോഗികൾക്ക് മരുന്നുകളും വസ്ത്രങ്ങളും നൽകിവരുന്നു.

## ആദരാഞ്ജലികൾ



**ശ്രീമതി നിനി ജോർജ്ജ്**
സ്റ്റാഫ് നേഴ്സ്,
എമർജൻസി മെഡിസിൻ വിഭാഗം

പ്രാർത്ഥനകളോടെ
ജൂബിലി കുടുംബാംഗങ്ങൾ

# Welcome to Jubilee Family

| | | |
|---|---|---|
| 1 | Dr. JIJOE JOSHI | Gastroenterology, JR RESIDENT |
| 2 | Dr. SACHIN GEORGE | Pulmonology, JR RESIDENT |
| 3 | Dr. MARTIN VARGHESE PAUL | Emergency Medicine, JR RESIDENT |
| 4 | Dr. ARUNIMAA | Geriatrics, JR RESIDENT |
| 5 | Dr. CYRIL MATHEW | Neurosurgery, JR RESIDENT |
| 6 | Dr. MELVIN THAMBI | Cardiology, JR RESIDENT |
| 7 | Dr. ASHA MATHEW | Neonatology, FELLOW |
| 8 | Dr. NAYAN RUKHAIYAR | Neonatology, FELLOW |
| 9 | Dr. THOMAS MOHAN | Anaesthesia, FELLOW |
| 10 | Dr. ROSHITH J KUMAR | Neonatology, FELLOW |
| 11 | CHRISTEENA DAVIS | Neonatology, FELLOW - NURSING |
| 12 | ANTO T J | TRANSPORT, DRIVER |
| 13 | PRAVEENA GOWDA | Canteen, ASST COOK |
| 14 | CECILIA PIUS PONNOR | AUDIOLOGIST & SPEECH THERAPIST |
| 15 | STERLIN ROSE N | AYURVEDA PHARMACIS |
| 16 | SANCHU PICTCHEL | MC Anatomy, DISSEC HALL ATTENDER |

**CANTEEN STAFF**

17 SHINY BIJU
18 LISSY JOSHY
19 ALGI K J
20 ELSY SUNIL
21 SHAJU C P

**STAFF NURSE**

22 Sr. TREENA C J (MEGHA)
23 JISNA JOSE
24 SIJI GEORGE
25 LISA ANU PAUL

**STAFF NURSE TRAINEE**

26 Sr. NIMISHA P A
27 Sr. TENSY JOHN
28 Sr. JASMY JOSE
29 Sr. NEETHUMOL THOMAS
30 SNEHA P T

## യാത്രാമംഗളങ്ങൾ

അഞ്ചെരവർഷത്തോളം
ജൂബിലെറ്റ്
എഡിറ്റോറിയൽ
ബോർഡിൽ മെമ്പറായി
സേവനമനുഷ്ഠിച്ച
ശ്രീമതി സുമ പോളിന്
നന്ദിയും
എല്ലാവിധ ആശംസകളും
നേരുന്നു.

## ജൂബിലിയിൽ വൈസർ ഫേസ് ഷീൽഡുകൾ വിതരണം ചെയ്തു

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയും, യു.എസിലെ പി.എസ്.ജി. ഗ്രൂപ്പ് സി.ഇ.ഒ.യുമായ ജിബി പാറയ്ക്കലും സംയുക്തമായി കേരളത്തിലെ വിവിധ രൂപതകളിലെ ആശുപത്രികളിൽ ഡോക്ടർമാർക്കും നേഴ്സുമാർക്കും ഉപയോഗിക്കാനുള്ള വൈസർ ഫേസ് ഷീൽഡുകൾ വിതരണം ചെയ്തു.



കോവിഡ്–19 പ്രതിരോധ പ്രവർത്തകർക്കുള്ള ഫേസ് ഷീൽഡുകളുടെ വിതരണത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലവും ഡയറക്ടർ ഫാ. ജിയോ കടവിയും ചേർന്ന് ആർച്ച്ബിഷപ്പിന് ഫേസ് ഷീൽഡുകൾ കൈമാറി. ആർച്ച്ബിഷപ്പ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അസ്സോ. ഡയറക്ടർ ഫാ. പോൾ പേരാമംഗലത്തിന് ഫേസ് ഷീൽഡുകൾ കൈമാറി.

## കോവിഡ്–19 : ജൂബിലിയുടെ കരുതൽ

കോവിഡ്–19 രോഗവ്യാപനം തുടങ്ങിയത് മുതൽ ജൂബിലിയുടെ കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ട്മെന്റിലെ എപ്പിഡമിയോളജിസ്റ്റും, റാപ്പിഡ് റെസ്പോൺസ് ടീം മെമ്പറു മായ ഡോ. റോണി തോമസ് സർവ്വേയലൻസ് പ്രവർത്തനങ്ങൾനടത്തികൊണ്ടിരിക്കുന്നു. കോവിഡ്–19ന്റെ ഭാഗമായി തൃശ്ശൂർ ജില്ലാ മെഡിക്കൽ വിഭാഗം നടത്തികൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളിൽ ജൂബിലി മിഷന്റെ പ്രവർത്തനങ്ങളും ഏകോപിപ്പിച്ചാണ് പ്രവർത്തനങ്ങൾ. കോവിഡ് രോഗലക്ഷണവുമായി വരുന്ന രോഗികളുടെ വിവരങ്ങൾ അതാത് ദിവസങ്ങളിൽ സർക്കാരിന് കൈമാറുകയും, രോഗനിർണ്ണയത്തിന് വേണ്ടിയുള്ള തുടർ നടപടികളും ചെയ്തുകൊണ്ടി രിക്കുന്നു.

തൃശ്ശൂർ അതിരൂപതയുടെ കീഴിൽ നടത്തിവരുന്ന "സാന്ത്വനം" എന്ന ചാരിറ്റബിൾ ട്രസ്റ്റിന്റെ പ്രവർത്തന ഭാഗമായി ഫാ. ടിജോ ജോയ് മുള്ളക്കരയുടെ നേതൃത്വത്തിൽ 79 മെഡിക്കൽ ക്യാമ്പുകൾ ഇതര സംസ്ഥാന അതിഥി തൊഴിലാളികൾക്ക് വേണ്ടി നടത്തി. കോവിഡ്–19ന്റെ വെർബൽ സ്ക്രീനിങ്ങ്, മെഡിക്കൽ ചെക്ക് അപ്പ്, അത്യാവശ്യ മരുന്നുകൾ എന്നിവ ക്യാമ്പുകളിൽ നൽകി.

ജൂബിലിയിലെ എല്ലാ ജീവനക്കാർക്കും കോവിഡ്–19 നെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തി. ഹാന്റ് ഹൈജീൻ, മാസ്ക്ക് ധരിക്കേണ്ടതിന്റെ ആവശ്യകത, ഐസൊലേഷൻ വാർഡിൽ എടുക്കേണ്ട മുൻ കരുതൽ, ശുചീകരണ പ്രവർത്തനങ്ങളുടെ പ്രാധാന്യം എന്നിവയെക്കുറിച്ച് ക്ലാസ് എടുത്തു. അവരുടെ സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്തു. തുടർന്ന് ഒരിക്കൽ കൂടി അവരുടെ കോവിഡ്–19നെ കുറിച്ചുള്ള വിവരശേഖരണം നടത്തുകയും. അതിൽ നിന്ന് അവരുടെ അറിവുകൾ മെച്ചപ്പെട്ടതായും കണ്ടെത്തി. കോവിഡ് രോഗികളെ പിന്തുണയ്ക്കാനും ചികിത്സിക്കുവാനും വേണ്ട മുൻ കരുതലുകളോടെ ജൂബിലി സജ്ജമാണ്.

# അനേകായിരങ്ങളുടെ പുഞ്ചിരിക്കു പൂർണ്ണത നൽകിയ വൈദ്യശ്രേഷ്ഠനു വിട



കേരളം ആദരവോടെ പുഞ്ചിരി ഡോക്ടർ എന്നു വിളിച്ച ജൂബിലി മിഷൻ ആശുപത്രിയിൽ സേവനം അനുഷ്ഠിച്ചിരുന്ന ഡോ. എച്ച്. എസ്. എഡൻവാല ആശുപത്രിക്ക് നൽകിയത് ഒരു ചരിത്രമായിരുന്നു. പതിനായിരക്കണക്കിന് കുഞ്ഞുങ്ങൾക്ക് ശസ്ത്രക്രിയയിലൂടെ മുറിച്ചുണ്ട് മാറ്റി പുഞ്ചിരി സമ്മാനിച്ച ഡോക്ടറെ തേടി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമാണ് മാതാപിതാക്കൾ കുട്ടികളുമായി എത്തിയത്.

1930 ജൂൺ അഞ്ചിന് മഹാരാഷ്ട്രയിലെ അഹമ്മദ് നഗറിൽ ജനിച്ച ഹിർജി സൊരാബ് ഏഡൻവാല 1959 ഓഗസ്റ്റ് പത്തിനാണ് ജൂബിലിയിൽ സേവനം ആരംഭിച്ചത്. മോൺ. മാത്യു മുരിങ്ങാത്തേരി അച്ചന്റെ നേതൃത്വത്തിൽ വെറും ഇരുപത് ബെഡ്ഡുകളോടെ 1952–ൽ ആരംഭിച്ച ആശുപത്രിയെ മധ്യകേരളത്തിലെ അറിയപ്പെടുന്ന മുൻനിര ആശുപത്രികളിൽ ഒന്നാക്കി മാറ്റിയതിൽ ഏഡൻവാല ഡോക്ടർ വഹിച്ച പങ്ക് ചെറുതല്ല. പ്രധാനമായും ശസ്ത്രക്രിയകളിലൂടെയാണ് തന്റെ ആതുരസേവനവിപ്ലവത്തിന് അദ്ദേഹം നാന്ദി കുറിച്ചത്. അതിൽ തന്നെ പിന്നീട് മുറിച്ചുണ്ട് ശസ്ത്രക്രിയകളിലാണ് അദ്ദേഹം ഏറെ ശ്രദ്ധചെലുത്തിയത്. ഏതാണ്ട് പതിനെട്ടായിരത്തോളം കുഞ്ഞുങ്ങൾക്കാണ് അദ്ദേഹം ശിശുത്വത്തിന്റെ നിഷ്കളങ്കമായ പുഞ്ചിരി തിരിച്ചുനൽകിയത്. അതിനിടയിൽ ന്യൂയോർക്കിലെ സ്മൈൽ ട്രെയിൻ പ്രസ്ഥാനവുമായി സഹകരിച്ച് 1999 മുതൽ എണ്ണായിരത്തിഅഞ്ഞൂറോളം സൗജന്യ ശസ്ത്രക്രിയകൾ നടത്തുവാനും അദ്ദേഹത്തിന് സാധിച്ചു. 2013–ൽ ജൂബിലിയിലെ തിരക്കേറിയ ഔദ്യോഗിക ജീവിതത്തിൽ നിന്നും മാറിയെങ്കിലും പ്രതിമാസം 15 ദിവസങ്ങളോളം അദ്ദേഹം ഭാഗികമായി തന്റെ ശുശ്രൂഷ തുടർന്നു വരികയായിരുന്നു. 'വിശ്രമം സേവനത്തിന്' എന്ന കുണ്ടുകുളം പിതാവിന്റെ ആപ്തവാക്യത്തിന്റെ മകുടോദാഹരണം കൂടിയായി മാറുകയായിരുന്നു ഈ മഹാവൈദ്യൻ. തന്റെ ജീവിതമാതൃക വഴി അസൂയാവഹമായ സ്ഥാനമാണ് ഈ വന്ദ്യവൈദ്യൻ നേടിയെടുത്തത്.

തൃശ്ശൂരിന്റെ മദർ തെരേസയെന്നും, "Smile Maker of Jubilee Mission" എന്നുമൊക്കെ അപരനാമങ്ങളിൽ അറിയപ്പെടുന്ന എ ച്ച്. എസ്. ഏഡൻവാല ഡോക്ടർ ഇനി പതിനായിരക്കണക്കിനു ആളുകളുടെ ഓർമ്മകളിലൂടെ ജീവിക്കും.









# 81 കോവിഡ് ക്യാമ്പുകൾ

തൃശ്ശൂർ അതിരൂപതയുടെ സന്നദ്ധ സംഘടനയായ സാന്ത്വനവും തൃശ്ശൂർ ഈസ്റ്റ് പോലീസ്സ്റ്റേഷനുമായി ചേർന്ന് ജൂബിലി മിഷൻ ആശുപത്രിയുടെ നേതൃത്വത്തിൽ അതിഥിതൊഴിലാളികൾക്കുവേണ്ടിയുള്ള മെഡിക്കൽ ക്യാമ്പ് 2020 ഏപ്രിൽ 3 മുതൽ ഏപ്രിൽ 25 വരെ സംഘടിപ്പിച്ചു. 17 ദിവസങ്ങളിൽ 81 ക്യാമ്പുകളിലായി 3020 ഓളം അതിഥിതൊഴിലാളികൾ ക്യാമ്പിൽ പങ്കെടുത്തു.



**Editorial Board** Fr. Sijo Cheruvathoor | Dr. Benny Joseph | Dr. Aswath Kumar R | Mr. Baby P A | Mr. Noble Thomas P
Adv. Justin C J | Ms. Deepa Tom | Ms. Rakhi K B | Ms. Chippy K S | Ms. Rintu Anto | Ms. Ambily Ulahannan